**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** **12-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ആഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ കണ്ടെത്തുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65,66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർ- ക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യനാക്കുന്ന- തിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65,66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്ന പക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥയുമുണ്ട്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ |

തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിൽ ഉള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാത്തരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും, പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേക്ക് സ്വീകരിച്ച് കൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും, സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും, ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും, കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ്

| | | | |
|---|---|---|---|
| | | | സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്റ്റിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സഹകരണ ബാങ്കുകളിലെ ആഡിറ്റ് കൃത്യമായി നടക്കുന്നുണ്ടോ; ആഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് എന്ത് നിർദ്ദേശമാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുവാൻ സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. 1. കംപ്യൂട്ടർ സംവിധാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പാസ്സ്‌വേർഡ് മാറ്റുക. 2. സാമ്പത്തിക വർഷം അവസാനിച്ച് 60 ദിവസത്തിനുള്ളിൽ വരവ് ചെലവു കണക്കുകൾ, ആസ്തി, ബാധ്യത സ്റ്റേറ്റ്മെന്റുകൾ എന്നിവ ഭരണസമിതിയുടെ അംഗീകാരത്തോടെ ആഡിറ്റിന് സമർപ്പിക്കുക. 3. സോഫ്റ്റ് വെയറുകളുടെ സുരക്ഷ മാനദണ്ഡങ്ങൾ ഭരണസമിതി ഉറപ്പുവരുത്തി സുരക്ഷ ഓഡിറ്റ് അംഗീകൃത ഏജൻസി മുഖേന പൂർത്തിയാക്കുക. 4. ഇന്റേണൽ ആഡിറ്റർ തസ്തിക നിലവിലുള്ള സംഘങ്ങളിൽ ടി ഉദ്യോഗസ്ഥർ ബ്രാഞ്ചുകളിലുൾപ്പെടെ സംഘത്തിന്റെ പ്രവർത്തനങ്ങൾ യഥാസമയം പരിശോധന നടത്തി ഭരണസമിതിക്ക് എല്ലാ മാസവും റിപ്പോർട്ട് സമർപ്പിക്കുക. ഇന്റേണൽ ആഡിറ്റർ തസ്തിക നിലവിലില്ലാത്ത സംഘങ്ങളിൽ ടി പരിശോധന സംഘം സെക്രട്ടറി നിർവ്വഹിക്കേണ്ടതാണ്. 5. വിവിധ കാരണങ്ങളാൽ കോടതിയിലോ പോലീസിലോ റിക്കാർഡുകൾ സൂക്ഷിച്ചത് കൊണ്ടും കണക്കെഴുതി പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതു കൊണ്ടും സോഫ്റ്റ് വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ആഡിറ്റ്5. ഒഴികെ മറ്റു ആഡിറ്റുകൾ അനുവദനീയമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സഹകരണ ബാങ്കുകളിലെ ക്രമക്കേടുകളിൽ ബോർഡംഗങ്ങൾക്കുള്ള ഉത്തരവാദിത്തം ഏതുരീതിയിലാണെന്ന് വ്യക്തമാക്കാമോ; | (സി) | ഒരു സഹകരണ ബാങ്കിന്റെ ഭരണ സമിതിയുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും സംഘം നിയമാവലിയിൽ പ്രതിപാദിച്ചിരിക്കും. സംഘം ജീവനക്കാർ ഭരണ സമിതിയുടെ ആജ്ഞാനുവർത്തികൾ മാത്രമാണ്. സഹകരണ നിയമത്തിനും ചട്ടത്തിനും സംഘം നിയമാവലിക്കും വിരുദ്ധമായി ഭരണ സമിതി അംഗങ്ങൾ തീരുമാനമെടുക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന പക്ഷം ആയതിന് ഭരണ സമിതി അംഗങ്ങൾ മാത്രമായിരിക്കും ഉത്തരവാദികളാകുന്നത്. സംഘം |

| | | | |
|---|---|---|---|
| | | | ആസ്തികൾ, റിക്കോർഡുകൾ, നീക്കിയിരുപ്പ് തുക തുടങ്ങിയവ സൂക്ഷിക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്വം ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കുമെന്ന് സഹകരണ നിയമത്തിലെ ചട്ടം 47(ഡി)യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഒരു സഹകരണ സംഘത്തിലെ എല്ലാത്തരത്തിലുള്ള പ്രവർത്തനങ്ങളും സഹകരണ നിയമത്തിനും ചട്ടത്തിനും നിയമാവലിക്കും വിധേയമായിട്ടാണ് നടക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതും ഭരണസമിതിയുടെ ഉത്തരവാദിത്വമാണ്. ഒരു സഹകരണ സംഘത്തിലെ സാധാരണ അംഗത്തിന് ക്ലിപ്ത ബാധ്യതയാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിലും ഭരണ സമിതി അംഗത്തിന്റെ ബാധ്യതക്ക് പരിധി നിശ്ചയിച്ചിട്ടില്ലാത്തതാണ്. |
| (ഡി) | സഹകരണസംഘം ചിട്ടിയിലും സ്വർണ്ണപണയത്തിലും ബോർഡിന്റെ ഉത്തരവാദിത്തം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്വർണ്ണപ്പണയ വായ്പകൾ അനുവദിക്കുന്നതിനും സ്വർണ്ണപ്പണയ പണ്ടങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ 22/2016, 13/2018 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സർക്കുലർ പ്രകാരം സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പ് വരുത്തുന്നതിനു സംഘം തലത്തിൽ സംഘം സെക്രട്ടറി/ ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽ നിന്നും ഒരു പ്രതിനിധി, ഒരു ഭരണ സമിതി അംഗം ഒരു അപ്രൈസർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ പണയ സ്വർണ്ണങ്ങളുടെയും ആധികാരികത ടി കമ്മിറ്റി ഭൗതിക പരിശോധന നടത്തി വിലയിരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യ പത്രം ഓരോ മൂന്ന് മാസത്തിലൊരിക്കലും സമർപ്പിക്കേണ്ടതും ആഡിറ്ററെ കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അത്തരത്തിൽ സാക്ഷ്യപെടുത്തിയ സംഘങ്ങളിലെ സ്വർണ്ണ പണയപണ്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് പിന്നീട് കണ്ടെത്തുകയാണെങ്കിൽ ആയതിലേക്കുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട കമ്മിറ്റിക്കും ഭരണസമിതിക്കും ആയിരിക്കുന്നതാണ്. സഹകരണ നിയമത്തിനും ചട്ടത്തിനും സംഘം നിയമാവലിക്കും വിധേയമായി സംഘം ഭരണസമിതിക്ക് വായ്പ നിക്ഷേപ ഇടപാടുകളിൽ നിഷ്കർഷിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളെല്ലാം തന്നെ ചിട്ടി/എം.ഡി.എസ് |

| | | | |
|---|---|---|---|
| | | | ന്റെ കാര്യത്തിലും ഭരണസമിതിക്ക് ഉണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ